## വയോജനങ്ങൾക്ക് ക്യൂ ഒഴിവാക്കും: നിയമസഭ സമിതി

കൊച്ചി: വയോജനങ്ങൾക്ക് അന്തസോടെ ജീവിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കുമെന്ന് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച നിയമസഭ സമിതി ചെയർമാൻ സി.കെ. നാണു പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന സമിതി സിറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ബസുകളിൽ സംവരണം ചെയ്ത 20 ശതമാനം സീറ്റുകൾ മുതിർന്ന പൗരന്മാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ആർ. ടി.ഒ, പൊലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധനകൾ നടത്താൻ സമിതി നിർദ്ദേശം നൽകി.

സർക്കാർ ആശുപത്രികളിൽ മുതിർന്ന പൗരന്മാർക്ക് ക്യൂ നിൽക്കാതെ ചികിത്സ ലഭിക്കാൻ സംവിധാനമൊരുക്കാൻ സമിതി ഡി.എം.ഒയ്ക്ക് നിർദ്ദേശം നൽകി. പ്രത്യേക ഇരിപ്പിട സൗകര്യം, വീൽചെയർ സൗകര്യം എന്നിവ ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശം നൽകി.

www.keralakaumudi.com www.facebook.com/keralakaumudi

## ലോക മത്സ്യത്തൊഴിലാളി സമ്മേളനം

തിരുവനന്തപുരം: വേൾഡ് ഫോറം ഒഫ് ഫിഷർ പീപ്പിൾസിന്റെ ആഭിമുഖ്യത്തിൽ ലോക മത്സ്യത്തൊഴിലാളി സമ്മേളനം നവംബർ 15 മുതൽ 21 വരെ ന്യൂഡൽഹിയിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. രാജ്യത്തെ പരമ്പരാഗത ചെറുകിട മീൻപിടുത്ത സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി അവയ്ക്കുള്ള പരിഹാരം നിർദ്ദേശിക്കുകയാണ് സമ്മേളനത്തിന്റെ മുഖ്യലക്ഷ്യം. ഫിഷറീസ് മന്ത്രാലയം രൂപീകരിക്കണമെന്ന് സമ്മേളനം കേന്ദ്രത്തോട് ആവശ്യപ്പെടും. ലോക മത്സ്യത്തൊഴിലാളി ദിനമായ നവംബർ 21 ന് ഡൽഹിയിൽ മത്സ്യതൊഴിലാളികളുടെ റാലി സംഘടിപ്പിക്കും. പ്രമുഖ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകർ സമ്മേളനത്തിൽ സംബന്ധിക്കും. ഭാരവാഹികളായ നരേന്ദ്ര പാട്ടീൽ, ടി. പീറ്റർ, പി.പി. ജോൺ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## സ്കോൾ കേരള സമ്പർക്ക ക്ലാസുകൾ

തിരുവനന്തപുരം: സ്കോൾ കേരള മുഖേന നടത്തുന്ന വി.എച്ച്.എസ്.സി അഡിഷണൽ മാത്സ് കോഴ്സിന് 2016-18 ബാച്ച് രജിസ്ട്രേഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടാം വർഷ സമ്പർക്ക ക്ലാസുകൾ 17ന് ആരംഭിക്കും. വിദ്യാർത്ഥികൾ സ്കോൾ കേരളയുടെ തിരിച്ചറിയൽ കാർഡുമായി പഠന കേന്ദ്രങ്ങളിൽ എത്തണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

## വില പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: ദേശീയ ഔഷധ വില നിയന്ത്രണ സമിതി (NPPA), ഡ്രഗ്സ് ആൻഡ് പ്രൈസ് കൺട്രോൾ ഓർഡർ 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ ഇനം ഓർത്തോപീഡിക് ക്നീ ഇംപ്ലാന്റുകളുടെ അടിസ്ഥാന വില (നികുതി കൂടാതെ) നിശ്ചയിച്ചു. 2017 ആഗസ്റ്റ് 16 ലെ ഗസറ്റ് വിജ്ഞാപനം എസ്.ഒ 2668 (ഇ) യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള വില ഗസറ്റ് വിജ്ഞാപന തീയതി മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. സംസ്ഥാനത്ത് ഓർത്തോപീഡിക് ക്നീ ഇംപ്ലാന്റുകൾ വിൽപ്പന നടത്തുന്ന വ്യാപാരികളും, ശസ്ത്രക്രിയയ്ക്കായി ഉപയോഗിക്കുന്ന ആശുപത്രികളും ഇതനുസരിച്ചുള്ള വിലയിലായിരിക്കണം ഈടാക്കേണ്ടതെന്നും അമിത വില വാങ്ങിയാൽ കർശന നടപടികൾ സ്വീകരിക്കുമെന്നും സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

## ക്ലാർക്കുമാരുടെ ഒഴിവ്

തിരുവനന്തപുരം: രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) സ്റ്റേറ്റ് ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ രണ്ട് ക്ലാർക്കുമാരുടെ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾ പൊതുവിദ്യാഭ്യാസം, ആർ.എം.എസ്.എ വകുപ്പുകളുടെ വെബ്സൈറ്റുകളിലുണ്ട്. അപേക്ഷ 30നകം ലഭിക്കണം. ഫോൺ : 0471 - 2331388

## മുൻ യു.ഡി.എഫ് സർക്കാരിന്റെ വിവാദ ഉത്തരവ് റദ്ദാക്കി

# കരുണ എസ്റ്റേറ്റിന്റെ നികുതി സ്വീകരിക്കില്ല

### ■ ടെന്നീസ് ക്ലബ്ബിന്റെ പാട്ടക്കുടിശിക 11 കോടി; റവന്യൂസെക്രട്ടറി ചർച്ചയ്ക്ക്

തിരുവനന്തപുരം: നെല്ലിയാമ്പതിയിൽ പോബ്സ് എസ്റ്റേറ്റിന്റെ കൈവശമുള്ള 800 ഏക്കർ വരുന്ന കരുണ എസ്റ്റേറ്റിന്റെ നികുതി സ്വീകരിക്കാൻ മുൻ യു.ഡി.എഫ് സർക്കാർ അവസാന കാലത്ത് ഇറക്കിയ ഉത്തരവ് ഇന്നലെ മന്ത്രിസഭായോഗം റദ്ദാക്കി.

യു.ഡി.എഫ് സർക്കാരിന്റെ വിവാദ തീരുമാനങ്ങൾ പുനഃപരിശോധിക്കാൻ ഈ സർക്കാർ നിയോഗിച്ച, മന്ത്രി എ.കെ. ബാലൻ കൺവീനറായുള്ള മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ പ്രകാരമാണ് നടപടി.

കരുണ എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശത്തർക്കം കോടതിയിൽ നിലനിൽക്കെയാണ് നികുതി സ്വീകരിക്കാൻ മുൻ സർക്കാർ തീരുമാനിച്ചത്. തർക്കം തീർപ്പാക്കാതെ നികുതി സ്വീകരിച്ചത് തോട്ടം ഉടമകളെ സഹായിക്കാനാണെന്ന് ഉപസമിതി കണ്ടെത്തിയിരുന്നു

തിരുവനന്തപുരം ടെന്നിസ് ക്ലബിന്റെ കൈവശമുള്ള 4.27 ഏക്കർ ഭൂമിയുടെ 11 കോടിയിൽ പരം രൂപ പാട്ടക്കുടിശിക പിരിച്ചെടുക്കാൻ നടപടികൾ ശുപാർശ ചെയ്യാൻ റവന്യൂ അഡിഷണൽ ചീഫ് സെക്രട്ടറിയെ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തി. ഈ തുകയുടെ 0.2 ശതമാനം മാത്രം ഈടാക്കി പാട്ടം പുതുക്കി നൽകാൻ മുൻ സർക്കാർ തീരുമാനിച്ചെങ്കിലും ആ തുകയും കുടിശ്ശികയാക്കി. നടപടിക്രമം പാലിച്ചിട്ടില്ലെന്ന് ഉപസമിതി കണ്ടെത്തിയ ഈ തീരുമാനം പുനഃപരിശോധിക്കുന്നതിന്റെ ഭാഗമായാണ് അഡിഷണൽ ചീഫ് സെക്രട്ടറിയെ ശുപാർശ നൽകാൻ ചുമതലപ്പെടുത്തിയത്.

യു.ഡി.എഫ് ഭരണകാലത്ത് നടപടിക്രമം പാലിക്കാത്ത അഞ്ച് ചെറുകിട ഭൂമി കൈമാറ്റക്കേസുകളിൽ വിശദീകരണം തേടാനും മന്ത്രിസഭായോഗം തീരുമാനിച്ചു. സമുദായ സംഘടനകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഭൂമി പതിച്ചു നൽകിയ ഈ കേസുകളിൽ കടുത്ത നടപടി വേണ്ടെന്ന് തീരുമാനിക്കുകയായിരുന്നു.

എന്നാൽ ഇത്തരം ചെറുകിട ഭൂമി കൈമാറ്റങ്ങൾ സാധൂകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ടവരോട് വിശദീകരണം തേടാമെന്ന് റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ നിർദ്ദേശിച്ചു. തുടർന്ന് റവന്യൂ അഡിഷണൽ ചീഫ് സെക്രട്ടറിയെ ഇതിന് ചുമതലപ്പെടുത്തി.

വൻകിട ഭൂമി ക്രമക്കേടുകളുടെ ഫയലുകൾ റദ്ദാക്കുന്നത് അടക്കമുള്ള നടപടികളുണ്ടാവും.

യു.ഡി.എഫ് കാലത്തെ റവന്യൂ വകുപ്പിലെ 29 ഫയലുകളിലാണ് മന്ത്രിസഭാ ഉപസമിതി ക്രമക്കേട് കണ്ടെത്തിയത്. ഇതിൽ ആറെണ്ണമാണ് ഇന്നലത്തെ മന്ത്രിസഭാ യോഗം പരിഗണിച്ചത്.

**മറ്റ് തീരുമാനങ്ങൾ:**

- ■ പുതിയ മുനിസിപ്പാലിറ്റിയിലെയും കോർപറേഷനുകളിലെയും എൻജിനിയറിംഗ് വിഭാഗത്തിൽ അധിക ഫണ്ട് അനുവദിക്കില്ലെന്ന വ്യവസ്ഥയോടെ 138 തസ്തികകൾ സൃഷ്ടിക്കും.
- ■ പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികളിലേക്ക് 162 തസ്തികകൾ അനുവദിച്ചു.
- ■ തിരുവനന്തപുരം ജില്ലയിലെ ഇളമ്പ മുദാക്കൽ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് ഇളമ്പ വില്ലേജ് രൂപീകരിക്കും.
- ■ റാന്നി താലൂക്കിൽ പഴവങ്ങാടി വില്ലേജിൽ പട്ടികവർഗക്കാരായ 34 കുടുംബങ്ങൾക്ക് രണ്ട് ഏക്കർ വീതം 68 ഏക്കർ ഭൂമിക്ക് പട്ടയം നൽകും.

## ടെന്നിസ് ക്ലബ്: തീരുമാനം റവന്യൂ വകുപ്പിന് തിരിച്ചടി

◗ കെ.പി.കൈലാസ്നാഥ്

തിരുവനന്തപുരം: ടെന്നീസ് ക്ലബ്ബിന്റെ പതിനൊന്ന് കോടി രൂപ പാട്ടക്കുടിശിക തിരിച്ചുപിടിക്കാൻ ശുപാർശ സമർപ്പിക്കാൻ റവന്യൂ അഡി. ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ മന്ത്രിസഭാ തീരുമാനം കണ്ണിൽ പൊടിയിടലാണെന്ന് ആക്ഷേപം ഉയരുന്നു.

ടെന്നീസ് ക്ലബ് അധികൃതരുമായി റവന്യൂ സെക്രട്ടറി നടത്തുന്ന ചർച്ച ഫലത്തിൽ ക്ലബിന് ഇളവ് നൽകി പാട്ടം പുനഃസ്ഥാപിക്കുന്നതിൽ കലാശിക്കുമെന്നും ഇത് റവന്യൂ വകുപ്പിന് തിരിച്ചടിയാകുമെന്നുമാണ് ആരോപണം. 4.27 ഏക്കർ ഭൂമിയുടെ പാട്ടക്കുടിശികയായ 11 കോടി രൂപയ്ക്ക് നോട്ടീസ് നൽകാനും അടച്ചില്ലെങ്കിൽ ഭൂമി തിരിച്ചുപിടിക്കാനുമായിരുന്നു റവന്യൂ വകുപ്പിന്റെ നീക്കം.

11 കോടിയുടെ 0.2 ശതമാനം മാത്രം ഈടാക്കി പാട്ടം പുന:സ്ഥാപിച്ച് 30 വർഷത്തേക്ക് കൂടി പാട്ടത്തിന് നൽകാനായിരുന്നു കഴിഞ്ഞ യു.ഡി.എഫ് സർക്കാർ തീരുമാനിച്ചത്. ഈ സർക്കാർ വന്നതോടെ ആ തീരുമാനം റദ്ദാക്കണമെന്ന നിലപാടിലാണ് റവന്യൂ വകുപ്പ്. തീരുമാനം റദ്ദാക്കാൻ മന്ത്രി എ.കെ. ബാലന്റെ നേതൃത്വത്തിലുള്ള ഉപസമിതിയും ശുപാർശ ചെയ്തിരുന്നു. പാട്ടക്കുടിശിക നൽകാത്തവരുടെ ഒഴിപ്പിക്കൽ നടപടിക്കായി റവന്യൂ അഡി. ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ അടങ്ങുന്ന സമിതിയെ റവന്യൂ മന്ത്രി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അദ്ദേഹത്തെ തന്നെയാണ് ഇന്നലെ മന്ത്രിസഭായോഗം ചർച്ചയ്ക്ക് നിയോഗിച്ചതും.

### ■ കുടിശ്ശികയിളവ് സ്ഥിരം പല്ലവി

സർക്കാരിൽ നിന്ന് ഭൂമി പാട്ടത്തിനെടുത്തവർ പാട്ടത്തുക കൃത്യമായി സർക്കാരിന് നൽകുന്നില്ല. കുടിശ്ശിക ചോദിച്ചാൽ ഒറ്റയ്ക്കും കൂട്ടമായും നിവേദനങ്ങളും ശുപാർശകളും ചെല്ലും. മുൻ യു. ഡി. എഫ് സർക്കാർ പാട്ടക്കുടിശ്ശിക നൽകാത്തവരെ ഒഴിപ്പിക്കാനുള്ള നടപടികൾ റദ്ദാക്കിയിരുന്നു.

### ■ പാട്ടക്കരാർ

ഓരോ വർഷവും കമ്പോളവിലയുടെ 2 ശതമാനം മുതൽ 20 ശതമാനം വരെ പാട്ടം നൽകണം. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വാണിജ്യ ആവശ്യത്തിന് 5 ശതമാനം. വാണിജ്യേതര ആവശ്യത്തിന് 2 ശതമാനം.

മറ്റുള്ളവർക്ക് യഥാക്രമം 20 ശതമാനം, 10 ശതമാനം. സന്നദ്ധസംഘടനകൾക്ക് 2.5 ശതമാനം. മൂന്നുവർഷം കഴിഞ്ഞാൽ പാട്ടത്തുക പുതുക്കണം. കുടിശ്ശികയുണ്ടെങ്കിൽ പാട്ടം പുതുക്കരുത്.

## അംഗൻവാടി ഓണറേറിയത്തിന് 64.85കോടി

തിരുവനന്തപുരം: അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് 64.85 കോടി കൂടി ധനവകുപ്പ് അനുവദിച്ചതായി മന്ത്രി കെ. കെ. ശൈലജ അറിയിച്ചു. അംഗൻവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയും ഹെൽപ്പർമാരുടെ ഓണറേറിയം 7000 രൂപയുമായി വർദ്ധിപ്പിച്ചപ്പോൾ തുകയുടെ 50 ശതമാനം സാമൂഹ്യനീതി വകുപ്പും 50 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്താനായിരുന്ന തീരുമാനം. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അതിന് കഴിയാതെ വന്നതിനെ തുടർന്ന് സർക്കാർ തന്നെ അധികം തുക വഹിക്കാൻ തീരുമാനിക്കുകയായിരുന്നു. നിലവിലുള്ള 359 കോടിക്ക് പുറമേയാണ് 64.85 കോടി കൂടി അനുവദിച്ചത്. ഇതോടെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓണറേറിയം നൽകുന്നില്ലെന്ന അംഗൻവാടി ജീവനക്കാരുടെ പരാതിക്ക് പരിഹാരമാകും.

## ന്യൂട്രിമിക്സ് പാചക മത്സരം

തിരുവനന്തപുരം: പോഷകാഹാര വാരാചരണത്തിന്റെ ഭാഗമായി 18 മുതൽ 26 വരെ സാമൂഹ്യനീതി വകുപ്പും കുടുംബശ്രീ മിഷനും സംയുക്തമായി ന്യൂട്രിമിക്സ് പാചക മത്സരം സംഘടിപ്പിക്കും. അംഗൻവാടിയിൽ നിന്നും ന്യൂട്രിമിക്സ് ലഭിക്കുന്ന ആറ് മാസം മുതൽ മൂന്ന് വയസുവരെ പ്രായമുള്ള കുട്ടികളുടെ അമ്മമാർക്ക് പങ്കെടുക്കാം. ന്യൂട്രിമിക്സ് ഉപയോഗിച്ച് ആവിയിൽ പാകം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ, മധുര പലഹാരങ്ങൾ എന്നീ രണ്ട് വിഭാഗങ്ങളിലാണ് മത്സരം. രണ്ട് വിജയികൾ പഞ്ചായത്ത് തലത്തിലും തുടർന്ന് ബ്ലോക്ക്, ജില്ലാ സംസ്ഥാനതലങ്ങളിലും മത്സരിക്കും. ഒരു ലക്ഷം രൂപയാണ് സമ്മാനം. കൂടുതൽ വിവരങ്ങൾ അംഗൻവാടികളിൽ ലഭിക്കും.

## സ്വാശ്രയ മെഡി. കോളേജ് കേസ്: അന്തിമ വിധി അടുത്തയാഴ്ച

◗ സ്വന്തം ലേഖകൻ

ന്യൂഡൽഹി: എം.ബി.ബി.എസ് പ്രവേശന വിലക്കിനെതിരെ കേരളത്തിലെ മൂന്ന് സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ റിട്ട് ഹർജികളിൽ അന്തിമ വിധി പറയുന്നത് സുപ്രീംകോടതി അടുത്ത ആഴ്ചയിലേക്ക് മാറ്റി.

സമാനമായ കേസിൽ ചീഫ് ജസ്റ്റിസിന്റെ മൂന്നംഗ ബെഞ്ചിന്റെ ഉത്തരവിൽ വ്യക്തത വരുത്തിയ ശേഷമേ ജസ്റ്റിസ് എസ്.എ.ബോബ്ഡെയുടെ രണ്ടംഗ ബെഞ്ച് അന്തിമവിധി പ്രസ്താവിക്കൂ.

കോളേജുകൾക്ക് പ്രവേശനാനുമതി നൽകുന്നതിനെ കേന്ദ്രസർക്കാർ എതിർത്തു. വിദ്യാർത്ഥികളുടെ ഭാവി പരിഗണിച്ച് അനുമതി നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

തൊടുപുഴ അൽ അസ്ഹർ, വയനാട് ഡി.എം, അടൂർ മൗണ്ട് സിയോൺ മെഡിക്കൽ കോളേജുകളാണ് കോടതിയെ സമീപിച്ചത്. കോളേജുകളുടെയും കേരളത്തിന്റെയും എം.സി.ഐയുടെയും വാദം ഇന്നലെ പൂർത്തിയായെങ്കിലും കേന്ദ്രത്തിന് വേണ്ടി ആരും ഹാജരായിരുന്നില്ല.

തുടർന്ന് കോളേജുകൾക്ക് അനുമതി നിഷേധിച്ചതിന് വ്യക്തമായ കാരണങ്ങളില്ലെന്ന് പറഞ്ഞ് കേന്ദ്രസർക്കാർ നടപടി റദ്ദാക്കി ബെഞ്ച് വിധി പ്രസ്താവിക്കാൻ തുടങ്ങി. ഇതിനിടെ കോടതിയിൽ എത്തിയ അഡിഷണൽ സോളിസിറ്റർ ജനറൽ മനീന്ദർ സിംഗ് കേന്ദ്രത്തിന്റെ വിശദീകരണം കേൾക്കാതെ അന്തിമവിധി പാടില്ലെന്ന് ആവശ്യപ്പെട്ടു. ഇതോടെ വിധി പ്രസ്താവം നിറുത്തിയ കോടതി അദ്ദേഹത്തിന് വാദിക്കാൻ അനുമതി നൽകി.

ആഗസ്റ്റ് 31 ന് ശേഷം മെഡിക്കൽ കോളേജുകൾക്ക് അനുമതി നൽകരുതെന്ന് ചീഫ് ജസ്റ്റിസിന്റെ ബെഞ്ചിന്റെ വിധി നിലവിലുള്ളതിനാൽ അനുമതി നിഷേധിച്ചത് പുനഃപരിശോധിക്കാനാവില്ലെന്നും കോളേജുകൾ ഓരോ വർഷവും അനുമതി പുതുക്കുകയല്ല, വീണ്ടും അനുമതി വാങ്ങുകയാണെന്നും എ.എസ്.ജി ചൂണ്ടിക്കാട്ടി.

തുടർന്നാണ് 31 ന് മുൻപ് സമർപ്പിച്ച ഹർജികൾക്ക് മൂന്നംഗ ബെഞ്ചിന്റെ വിധി ബാധകമാണോ എന്നും അനുമതി നേടലാണോ പുതുക്കലാണോ എന്നും വ്യക്തത വരുത്താൻ സർക്കാരിനോട് ബെഞ്ച് ആവശ്യപ്പെട്ടത്.

മൂന്ന് കോളേജുകളിലായി 400 വിദ്യാർത്ഥികളുടെ പ്രവേശനമാണ് കേന്ദ്രം അസാധുവാക്കിയത്.



ഹോട്ടൽ ഭക്ഷണത്തിന് ഏർപ്പെടുത്തിയ ജി.എസ്.ടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ നടത്തിയ ധർണ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

## ഇന്ന് ബി.എസ്.എൻ.എൽ ഓഫർ

തിരുവനന്തപുരം: ബി.എസ്.എൻ.എൽ ലാൻഡ് ലൈൻ, ബ്രോഡ് ബാൻഡ്, ഇന്റർനെറ്റ് കണക്ഷനുകൾ ഇന്ന് എടുത്താൽ സൗജന്യ നിരക്കിൽ നൽകും. കസ്റ്റമർ സർവീസ് സെന്ററുകൾ മുഖേന എടുക്കുന്നവർക്കാണ് ഓഫർ. ലാൻഡ് ലൈൻ കണക്ഷന് ഇൻസ്റ്റലേഷൻ ചാർജ്ജ് ഒഴിവാക്കും. 675 രൂപയ്ക്ക് മേലുള്ള മോഡങ്ങൾക്ക് കാഷ്ബാക്ക് ഓഫർ കിട്ടും. ഫൈബർ ടു ഹോം ഇന്റർനെറ്റ് കണക്ഷന്റെ വാടക 150 രൂപയിൽ നിന്ന് 90 ആയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയിരത്തിൽ നിന്ന് 500 രൂപയായും കുറച്ച് നൽകും.



കവിയും നിരൂപകനുമായിരുന്ന ഡോ. തോന്നയ്ക്കൽ വാസുദേവന്റെ ആദ്യ കവിതാസമാഹാരം മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റിലെ ഓഫീസിൽ ശിൽപ്പി കാനായി കുഞ്ഞിരാമന് ആദ്യ പ്രതി നൽകി പ്രകാശനം ചെയ്യുന്നു. തോന്നയ്ക്കൽ വാസുദേവന്റെ മക്കളായ നോവിൻ വാസുദേവ്, ചേതൻ വാസുദേവ് എന്നിവർ സമീപം

## ഗുരുവായൂരിൽ മന്ത്രി വഴിപാട് നടത്തിയതിനെച്ചൊല്ലി വിവാദം

തൃശൂർ: ഗുരുവായൂർ ക്ഷേത്രത്തിൽ അഷ്ടമി രോഹിണി ദിവസം ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രൻ വഴിപാട് നടത്തിയതിനെച്ചൊല്ലി വിവാദം. വിശ്വാസത്തിന്റെ പേരിലുള്ള സി.പി.എമ്മിന്റെ ഇരട്ടത്താപ്പാണ് ഇതിലൂടെ പുറത്തുവന്നതെന്നാണ് ബി.ജെ.പിയുടെ ആരോപണം.

മന്ത്രിയും കുടുംബവും മുഴുവൻ സമയം ക്ഷേത്രത്തിൽ ചെലവഴിക്കുകയും വീട്ടിലെ ഒരോരുത്തരുടെയും പേരിൽ വഴിപാടു നടത്തുകയും ചെയ്തിരുന്നു.

ആദ്യമായാണ് ഒരു സി.പി.എം മന്ത്രി ആദ്ധ്യാത്മിക ഹാളിൽ കയറിയിരുന്ന് പ്രഭാഷണം കേൾക്കുന്നത്. ക്ഷേത്രം സോപാനപ്പടിക്ക് മുന്നിൽ നിന്ന് ദർശനം നടത്തി മേൽശാന്തിക്ക് ദക്ഷിണയും നൽകി. അന്നദാന ഫണ്ടിലേക്കും സംഭാവന നൽകി.

അഷ്ടമി രോഹിണി ആഘോഷത്തിന്റെ ഭാഗമായി നടക്കുന്ന ശോഭായാത്രകൾ തകർക്കാൻ ശ്രമിച്ച സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, പി. ജയരാജൻ എന്നിവർക്കുള്ള മറുപടിയാണ് കടകംപള്ളിയുടെ വഴിപാടുകളെന്നാണ് ബി.ജെ.പി സംസ്ഥാന സെക്രട്ടറി അഡ്വ. ബി. ഗോപാലകൃഷ്ണന്റെ ആരോപണം.

നേരത്തെ മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ ഭാര്യ ശാരദ ടീച്ചർ ഗുരുവായൂർ ക്ഷേത്രത്തിലും കോടിയേരി ബാലകൃഷ്ണന്റെ ഭാര്യ കാടാമ്പുഴ ക്ഷേത്രത്തിലും വഴിപാടു നടത്തിയത് വിവാദമായിരുന്നു.

## പുതുക്കിയ ശമ്പളം: അധിക ചെലവ് സർക്കാർ വഹിക്കും

തിരുവനന്തപുരം: അംഗൻവാടി ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള തടസം നീങ്ങി. ഇതിനാവശ്യമായ അധിക ചെലവ് സർക്കാർ വഹിക്കാമെന്ന് ധനവകുപ്പ് ഉറപ്പ് നൽകിയതിനെ തുടർന്നാണിത്. അംഗനവാടി വർക്കർമാർക്ക് 5600 ൽ നിന്ന് 10000 രൂപയായും ഹെൽപർമാർക്ക് 3100 ൽ നിന്ന് 7000 രൂപയായുമാണ് വർദ്ധിപ്പിച്ചത്. ഇതിന് 359 കോടിയുടെ അധികചെലവുണ്ടാകും. ഇതിൽ 285 കോടി സർക്കാരും ബാക്കി തദ്ദേശഭരണ സ്ഥാപനങ്ങളും വഹിക്കണമെന്നായിരുന്നു നേരത്തെയുണ്ടായ ധാരണ. എന്നാൽ അധികചെലവ് വഹിക്കാനാകില്ലെന്ന തദ്ദേശസ്ഥാപനങ്ങളുടെ നിലപാട് പുതുക്കിയ ശമ്പളവിതരണത്തിന് തടസമായി. ഇതേ തുടർന്ന് തദ്ദേശസ്ഥാപനങ്ങളുടെ വിഹിതമായ 64 കോടി ഇന്നലെ ധനവകുപ്പ് അനുവദിച്ച് ഉത്തരവായി. ഇതോടെ ഈ മാസം മുതൽ അംഗൻവാടി ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ ഓണറേറിയം ലഭിക്കും. തദ്ദേശസ്ഥാപനങ്ങളിൽ നിന്നാണ് അംഗൻവാടി ജീവനക്കാർക്ക് വേതന വിതരണം.

# വിളംബരം

## ഒ.എം.ആർ പരീക്ഷ 24 ന്

തിരുവനന്തപുരം: സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പ്രോജക്ട് അസിസ്റ്റന്റ്/ റിസർച്ച് അസിസ്റ്റന്റ്/ടെക്നിക്കൽ അസിസ്റ്റന്റ് പ്രോജക്ട് ഫെലോ തസ്തികകളിലേക്ക് ഒ.എം.ആർ പരീക്ഷ 24 ന് തിരുവനന്തപുരത്ത് നടത്തും. അഡ്മിഷൻ ടിക്കറ്റ് www.lbskerala.com ൽ നിന്നും ഡൗൺലോഡ് ചെയ്യാം.

മലബാർ കാൻസർ സെന്ററിലേക്ക് ഹോസ്പിറ്റൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ഒ.എം.ആർ പരീക്ഷ 24 ന് തിരുവനന്തപുരം പാളയത്തെ എൽ. ബി. എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ നടത്തും. അഡ്മിഷൻ ടിക്കറ്റ് ലഭിക്കാത്തവർ എൽ. ബി. എസ് സെന്ററുമായി ബന്ധപ്പെടണം.

## ആർ. സി. സിയിൽ പരീക്ഷ 24 ന്

തിരുവനന്തപുരം: റീജിയണൽ കാൻസർ സെന്ററിൽ പ്ലംബർ, മെഡിക്കൽ ഫിസിസിസ്റ്റ്, ഓഫീസ് അസിസ്റ്റന്റ് തസ്തികകളിലേക്ക് അപേക്ഷിച്ചവർക്കുള്ള ഒ. എം. ആർ പരീക്ഷ 24 ന് തിരുവനന്തപുരത്ത് നടത്തും. അഡ്മിഷൻ ടിക്കറ്റ് തപാലിൽ ലഭിച്ചിട്ടില്ലാത്തവർ www.lbskerala.com, www.rcctvm.org എന്നീ വെബ്സൈറ്റുകളിൽ നിന്ന് ഡൗൺലോഡ് ചെയ്യണം.

## കേരളയിൽ 15 കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ

തിരുവനന്തപുരം: ഏറെ ഡിമാന്റുള്ള ബികോം, ബി.ബി.എ അടക്കം 15 കോഴ്സുകൾക്ക് കേരള സർവകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചു. കോഴ്സുകൾ ഇവയാണ്: ബി.എ ഹിന്ദി, തമിഴ്, അറബിക്, സംസ്കൃതം (ജനറൽ ആൻഡ് സ്പെഷ്യൽ), മ്യൂസിക്, ഫിലോസഫി, ഇസ്ലാമിക് ഹിസ്റ്ററി, അഫ്സൽ ഉൽ ഉലമ, ബി.കോം, മലയാളം, ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇംഗ്ലീഷ്, ബി.ബി.എ. 2017-18 അദ്ധ്യയന വർഷത്തിൽ ഈ കോഴ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ പുനഃസ്ഥാപിച്ച് ഡെപ്യൂട്ടി രജിസ്ട്രാർ കെ. ശോഭനകുമാരി ഉത്തരവിറക്കി.

## പത്താംതരം തുല്യതാ പരീക്ഷ

തിരുവനന്തപുരം: പത്താംതരം തുല്യതാ പരീക്ഷ ഒക്ടോബർ 19 മുതൽ 31 വരെ നടക്കും. പരീക്ഷാഫീസ് 16 മുതൽ 25 വരെ പിഴയില്ലാതെയും 26 മുതൽ 28 വരെ പിഴയോടെയും പരീക്ഷാകേന്ദ്രങ്ങളിൽ അടയ്ക്കാം. ഈ വർഷം മുതൽ അപേക്ഷകൻ നേരിട്ട് ഓൺലൈനായി അപേക്ഷ നൽകണം. അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് അനുബന്ധ രേഖകൾ സഹിതം പരീക്ഷാഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ keralapareekshabhavan.in ൽ ലഭ്യമാണ്.

## ടെലിവിഷൻ ജേർണലിസം കോഴ്സ്

തിരുവനന്തപുരം: കെൽട്രോൺ നടത്തുന്ന ഒരു വർഷ പി.ജി ഡിപ്ലോമ ഇൻ ടെലിവിഷൻ ജേണലിസം കോഴ്സിന്റെ 2017-18 ബാച്ചിൽ ഒഴിവുള്ള സീറ്റുകളിൽ നേരിട്ടെത്തി പ്രവേശനം നേടാം. കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിലാണ് ഒഴിവ്. ചാനലുകളിൽ പരിശീലനം, ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് സഹായം എന്നിവ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. പ്രിന്റ് ജേർണലിസം ഓൺലൈൻ ജേർണലിസം പരിശീലനവും ലഭിക്കും. 27 വയസ് കവിയാത്ത ബിരുദധാരികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി 28 നകം സെന്ററിൽ നേരിട്ടെത്തണം. കെൽട്രോൺ നോളജ് സെന്റർ. 3rd ഫ്ളോർ, അംബേദ്കർ ബിൽഡിംഗ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, കോഴിക്കോട്-673002 ആണ് വിലാസം. വിശദവിവരങ്ങൾക്ക്: 9746798082, 8137969292.

## സർവകലാശാല വാർത്തകൾ

### കേരള
www.keralauniversity.ac.in

#### സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം ആർക്കിയോളജി പഠന വകുപ്പിൽ എം.എ ആർക്കിയോളജി പ്രോഗ്രാമിൽ (2017 അഡ്മിഷൻ) എസ്.ടി വിഭാഗത്തിന് ഒരു സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി 16-ന് രാവിലെ 10 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം.

#### വാക് - ഇൻ ഇന്റർവ്യൂ

ജിയോളജി പഠനവകുപ്പിൽ പ്രൊജക്റ്റ് ഫെലോയുടെ താത്കാലിക നിയമനത്തിനായുള്ള വാക് - ഇൻ ഇന്റർവ്യൂ 22-ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് കാര്യവട്ടം ജിയോളജി പഠനവകുപ്പിൽ നടക്കും. വിശദവിവരങ്ങൾ വെബ് സൈറ്റിൽ.

#### പുനർമൂല്യനിർണയം

അവസാന വർഷ ബി.കോം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ - ട്രീ മെയിൻ സിസ്റ്റം) പരീക്ഷയുടെ പുനർമൂല്യനിർണയത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ട തീയതി 28 വരെ നീട്ടി.

#### ബി.എച്ച്.എം പരീക്ഷ

രണ്ട്, നാല് സെമസ്റ്റർ ബാച്ചിലർ ഒഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) പരീക്ഷകൾക്കുള്ള (2006, 2011 & 2014 സ്കീം) ഓൺലൈൻ രജിസ്ട്രേഷൻ 14 മുതൽ ആരംഭിക്കും. പിഴ കൂടാതെ 20 (50 രൂപ പിഴയോടെ 23, 125 രൂപ പിഴയോടെ 25) വരെ ഫീസടച്ച് അപേക്ഷിക്കാം.

#### പി.ജി ഓൺലൈൻ രജിസ്ട്രേഷൻ

ഗവ/എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി കോളേജുകളിലെ ബിരുദാനന്തര ബിരുദ (പി.ജി) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് 16 ന് വൈകിട്ട് അഞ്ച് മണി വരെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർ പ്രിന്റൗട്ട് നിർബന്ധമായും സൂക്ഷിക്കണം. ഇതിനോടകം അപേക്ഷ സമർപ്പിച്ചവർ തങ്ങളുടെ കൈവശമുള്ള അപേക്ഷയുടെ പ്രിന്റൗട്ട് സൂക്ഷ്മമായി പരിശോധിച്ച് 18 നകം ആവശ്യമുള്ള തിരുത്തലുകൾ വരുത്തിയ ശേഷം പുതിയ പ്രിന്റൗട്ട് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

#### പി.ജി പ്രവേശനം - കമ്മ്യൂണിറ്റി ക്വോട്ട

എയ്ഡഡ് കോളേജുകളിലെ ബിരുദാനന്തരബിരുദ (പി.ജി) കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വോട്ട പ്രവേശനത്തിന് 16 വരെ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അനുബന്ധ രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട കോളേജുകളിൽ അപേക്ഷ സമർപ്പിക്കണം. 20.09.2017-ന് കോളേജിൽ കമ്മ്യൂണിറ്റി മെരിറ്റ് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. 26.09.2017-ന് പ്രവേശനം നടത്തും. സർവകലാശാലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല.

#### പി.ജി പ്രവേശനം - സ്പോർട്സ് ക്വോട്ട

എയ്ഡഡ് കോളേജുകളിലെ ബിരുദാനന്തരബിരുദ (പി.ജി) കോഴ്സുകളിലേക്കുള്ള സ്പോർട്സ് ക്വോട്ട പ്രവേശനത്തിന് ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, സ്പോർട്സിലെ നേട്ടങ്ങൾ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട കോളേജുകളിൽ അപേക്ഷ സമർപ്പിക്കണം. സർവകലാശാലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല.

### എം.ജി
www.mgu.ac.in

#### പരീക്ഷാ തീയതി

സ്കൂൾ ഒഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ എൽ.ബി. (ഓണേഴ്സ്, റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഒക്ടോബർ 6ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ സെമസ്റ്ററൊന്നിന് 100 രൂപ വീതം സി.വി ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമേ അടയ്ക്കണം.

#### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്‌സി ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ 18 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടത്തും.

#### പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.എസ്‌സി ഫുഡ് & ഇൻഡസ്ട്രിയൽ മൈക്രോ ബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 25 വരെ അപേക്ഷിക്കാം.

സ്കൂൾ ഒഫ് ടൂറിസം സ്റ്റഡീസിൽ നടത്തിയ നാലാം സെമസ്റ്റർ എം.ടി.ടി.എം (റഗുലർ), മൂന്നാം സെമസ്റ്റർ എം. ടി. ടി. എം. (റീ അപ്പിയറൻസ്) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

നാലാം സെമസ്റ്റർ എം.എസ്‌സി ജിയോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

ഒന്നും രണ്ടും വർഷ ബികോം സപ്ലിമെന്ററി/ മേഴ്സി ചാൻസ് (ആനുവൽ സ്കീം, മോഡൽ ഒന്ന്, പാർട്ട് ഒന്ന് ഇംഗ്ലീഷ് & പാർട്ട് രണ്ട് മോഡേൺ ലാംഗ്വേജ്) ഡിഗ്രി പരീക്ഷയുടെ ഫലം

പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 26 വരെ അപേക്ഷിക്കാം.

### പി.എസ്.സി
www.keralapsc.gov.in

#### ഇന്റർവ്യൂ

കാറ്റഗറി നമ്പർ 91/2015 പ്രകാരം ഹോമിയോപ്പതി വകുപ്പിൽ നഴ്സ് ഗ്രേഡ്-2 (ഹോമിയോ) തസ്തികയുടെ 31.01.2017 ൽ പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് 15, 26 തീയതികളിൽ പി.എസ്.സി പാലക്കാട് ജില്ലാ ഓഫീസിൽ വച്ചും വാട്ടർ അതോറിട്ടിയിൽ കാറ്റഗറി നമ്പർ 411/2014 പ്രകാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ തസ്തികയ്ക്ക് 20 ന് രാവിലെ 10.30 നും കാറ്റഗറി നമ്പർ 503/2016 പ്രകാരം ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ (എൻ.സി.എ. - എസ്.സി.) തസ്തികയ്ക്ക് 20 ന് ഉച്ചയ്ക്ക് 1.10 നും കാറ്റഗറി നമ്പർ 70/2016 പ്രകാരം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡിൽ എ.സി പ്ലാന്റ് ഓപ്പറേറ്റർ (രണ്ടാം എൻ.സി.എ. - മുസ്ലിം) തസ്തികയ്ക്ക് 28 നും തിരുവനന്തപുരം പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ചും ഇന്റർവ്യൂ നടക്കും. ഇന്റർവ്യൂ മെമ്മോയ്ക്കും കൂടുതൽ വിവരങ്ങൾക്കും ഒ.ടി.ആർ പ്രൊഫൈൽ സന്ദർശിക്കുക.

#### ഓൺലൈൻ പരീക്ഷ

കാറ്റഗറി നമ്പർ 612/2013 പ്രകാരം കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് (എൻ.സി.എ. - ഹിന്ദു നാടാർ) തസ്തികയ്ക്ക് 26 ന് രാവിലെ 10 മുതൽ 12.15 വരെ തിരുവനന്തപുരം, കോഴിക്കോട് എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ വച്ചും 12 മണി മുതൽ 2.15 വരെ തിരുവനന്തപുരം പരീക്ഷാകേന്ദ്രത്തിൽ വച്ചും നടക്കുന്ന ഓൺലൈൻ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് ഒ.ടി.ആർ. പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

#### ഡിക്റ്റേഷൻ ടെസ്റ്റ്

കാറ്റഗറി നമ്പർ 75/2013 പ്രകാരം സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിൽ സ്റ്റെനോഗ്രാഫർ ഗ്രേഡ്-4, കാറ്റഗറി നമ്പർ 350/2012 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 എന്നീ തസ്തികകൾക്ക് 2017 സെപ്തംബർ 25 ന് രാവിലെ 7.30 മുതൽ 9.05 വരെയും കാറ്റഗറി നമ്പർ 88/2012 പ്രകാരം കേരള ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയ്ക്ക് 28 ന് രാവിലെ 7.30 മുതൽ 9.05 വരെയും നടക്കുന്ന ഡിക്റ്റേഷൻ ടെസ്റ്റിന്റെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് ഒ.ടി.ആർ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.